പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3678 24/06/2014-ൽ മറുപടിക്ക്

# കാസർഗോഡ് ജില്ലയിലെ മൈലാട്ടി ഡീസൽ പ്ലാന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടി ഡീസൽ പ്ലാന്റ് എന്നാണ് സ്ഥാപിച്ചത്; ഇതു സ്ഥാപിക്കുമ്പോൾ കെ.എസ്. ഇ.ബി. കമ്പനിയുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഡീസൽ പവർ പ്ലാന്റ് 14.05.2001 ലാണ് മൈലാട്ടിയിൽ സ്ഥാപിച്ചത്. പ്രസ്തുത പ്ലാന്റിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് ബോർഡ് 12.08.1998 ൽ കെ.പി.സി.എൽ കമ്പനിയുമായി വൈദ്യുതി വാങ്ങൽ കരാർ ഒപ്പിട്ടിരുന്നു. ഈ കരാറിന്റെ കാലാവധി 14.05.2001 മുതൽ 15 വർഷത്തേയ്ക്കാണ്. പ്രസ്തുത കരാറിന്റെ ആർട്ടിക്കിൾ 7 അനുസരിച്ചുള്ള താരിഫ് പ്രകാരം ബോർഡ് കെ.പി.സി.എൽ-ന് പ്രതിമാസം ഫിക്സഡ് ചാർജ്ജും, എനർജി ചാർജ്ജും, മറ്റ് സപ്ലിമെന്ററി ചാർജ്ജുകളും നൽകേണ്ടതാണ്. കൂടാതെ, താരിഫ് നിശ്ചയിക്കുന്നതിനുള്ള മറ്റ് മാനദണ്ഡങ്ങളും ഇതിൽ വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത കരാറിന്റെ ഷെഡ്യൂൾ 8 പ്രകാരം പ്രോജക്ടിന്റെ താരിഫ് നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു. |

| | |
|---|---|
| പ്രോജക്ട് കോസ്റ്റ് | 68.23 കോടി രൂപ |
| ഇക്വിറ്റി | 22.70 കോടി രൂപ |
| ഇന്ത്യൻ ബാങ്കുകളിൽ നിന്നുള്ള വായ്പ (വായ്പ കാലാവധി – 8 വർഷം, പലിശനിരക്ക് – 18.5 % | 10.5 കോടി രൂപ |
| വിദേശ ബാങ്കുകളിൽ | 35 കോടി രൂപ |

(.... 2)

| | |
|---|---|
| നിന്നുള്ള വായ്പ (വായ്പ കാലാവധി – 7 വർഷം, പലിശനിരക്ക് – 10 %) | |

ഷെഡ്യൂൾ 8 ന്റെ അവസാന ഖണ്ഡികയനുസരിച്ച് മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പ്രോജക്ടിന്റെ യഥാർത്ഥ ഫിനാൻഷ്യൽ ക്ലോഷറനുസരിച്ച് പുനർ നിശ്ചയിക്കേണ്ടതാണ്. എന്നാൽ ഇതിനൊപ്പം തന്നെ ഇത് സ്ഥായീകരിക്കുന്നതിനാവശ്യമായ രേഖകൾ ബോർഡിന് കെ.പി.സി.എൽ നൽകേണ്ട താണ്. വിദേശ ബാങ്കുകളിൽ നിന്നുള്ള വായ്പയ്ക്ക് കറൻസി നിരക്ക് വ്യതിയാനം കെ.പി.സി.എൽ-ന് ബോർഡിൽ നിന്ന് ഈടാക്കാവുന്നതാണ്. എന്നാൽ, ഇതിന് മതിയായ രേഖകൾ ബോർഡിൽ സമർപ്പിക്കേണ്ടതാണ്.

(ബി) പ്രസ്തുത ഡീസൽ പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ

(ബി) ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പ്രസ്തുത ഡീസൽ പ്ലാന്റിൽ നിന്നുള്ള വൈദ്യുതിയ്ക്ക് ഇപ്പോൾ ഒരു യൂണിറ്റിന് 12/- രൂപ 74 പൈസയാണ്. ഇതിന്റെ കൂടെ നമ്മുടെ സിസ്റ്റത്തിന്റെ പ്രസരണ-വിതരണ നഷ്ടം ആയ 15.3 % കൂടി ചേരുമ്പോൾ, പ്രസ്തുത പ്ലാന്റിൽ നിന്ന് വാങ്ങുന്ന വൈദ്യുതിയ്ക്ക് ഒരു യൂണിറ്റിന് 14 രൂപ 69 പൈസ കൺസ്യൂമറിന് നൽകേണ്ടി വരുന്നതാണ്. ആയതിനാൽ ബോർഡ് ഈ പ്ലാന്റിൽ നിന്നുമുള്ള വൈദ്യുതി അത്യാവശ്യ ഘട്ടങ്ങളിൽ, അതായത്, മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിക്കാതെ വരുമ്പോൾ മാത്രമേ ഷെഡ്യൂൾ ചെയ്യുന്നുള്ളൂ.

എന്നാൽ, 2013 ഡിസംബർ 27 മുതൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ, ബോർഡ് ആവശ്യപ്പെട്ടെങ്കിലും സാങ്കേതിക കാരണങ്ങളാലും, കെ.പി.സി.എൽ ആവശ്യത്തിന് ഇന്ധനം ലഭ്യമാക്കാത്തതിനാലും, ടി നിലയത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് കെ.പി.സി.എൽ-ന് കഴിഞ്ഞിട്ടില്ല.

(– 3)

| | |
|---|---|
| (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കമ്പനിക്ക് കെ.എസ്. ഇ.ബി. കുടിശ്ശിക നൽകാനുണ്ടായിരുന്നോ; (ഡി) ഈ സർക്കാരിന്റെ കാലത്ത് കമ്പനിക്ക് കെ.എസ്.ഇ.ബി. എന്തു തുക നൽകാനുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ; | **(സി)യും (ഡി)യും** കരാർ പ്രകാരം പ്രോജക്ട് വിലയായി നിശ്ചയിച്ചിരുന്നത് 68. 23 കോടി രൂപയാണ്. എന്നാൽ ഇതിൽ നിന്നും വ്യതിചലിച്ച് 70.77 കോടി രൂപ പ്രകാരമുള്ള ഫിക്സഡ് ചാർജ്ജും മറ്റ് ചാർജ്ജുകളും ബോർഡിൽ നിന്നും കെ.പി.സി.എൽ ഈടാക്കുകയുണ്ടായി. 2001 മുതൽ 2006 വരെ ഏകദേശം 10 കോടി രൂപ വിദേശ ബാങ്ക് വായ്പയുടെ എക്സ്ചേഞ്ച് നിരക്കായി നൽകിയിട്ടുണ്ട്. കെ.പി.സി.എല്ലിന് കരാർ പ്രകാരമുള്ള പ്രോജക്ട് വിലയനുസരിച്ചുള്ള പ്രതിമാസ ഫിക്സഡ് ചാർജ്ജ് 2001 മുതൽ മുഴുവനായും 2006 മുതൽ 90 % വും നൽകിയിട്ടുണ്ട്. ഇതു കൂടാതെ ബോർഡ് വാങ്ങിച്ചിട്ടുള്ള വൈദ്യുതിയുടെ എനർജി ചാർജ്ജും മൊത്തം പ്രോജക്ട് വിലയുടെ 109% ഫിക്സഡ് ചാർജ്ജ് ഇനത്തിലും ബോർഡ് കെ.പി.സി.എല്ലിന് നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബിയുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ കെ.പി.സി.എൽ ലംഘിച്ച സാഹചര്യത്തിലും ഇതു സംബന്ധിച്ച് കെ.പി.സി.എൽ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലും പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക പുനർ നിർണ്ണയിക്കുന്ന വിഷയം ബോർഡ് പരിശോധിച്ചു വരുന്നു. |
| (ഇ) വൈദ്യുതി ക്ഷാമം മൂലം ബുദ്ധി(ഇ)മുട്ടനുഭവിക്കുമ്പോൾ പ്രസ്തുത ഡീസൽ പ്ലാന്റിൽ നിന്നു കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | 2013 ഡിസംബർ 27 മുതൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ, ബോർഡ് ആവശ്യപ്പെട്ടെങ്കിലും, സാങ്കേതിക കാരണങ്ങളാലും, കെ.പി.സി.എൽ ആവശ്യത്തിന് ഇന്ധനം ലഭ്യമാക്കാത്തതിനാലും, ടി നിലയത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് കെ.പി.സി.എൽ -ന് കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ